www.malankaralibrary.com



## സംവരണവും ഭരണഘടനയും

# മലയാളികൾ നിർബന്ധമായും അറിഞ്ഞിരിക്കേണ്ടത്

**അമൽ സിറിയക് ജോസ് വേളാശേരിൽ**

1949 മേയ് 25-ാം തീയതി ഭരണഘടനാ അസംബ്ലിയിൽ അഡ്വൈസറി കമ്മിറ്റിയുടെ ചെയർമാൻ സ്ഥാനം അലങ്കരിക്കുന്ന സർദാർ വല്ലഭായി പട്ടേൽ ന്യൂനപക്ഷങ്ങളെ സംബന്ധിച്ചും സംവരണത്തെ സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതിനോടനുബന്ധിച്ചു നടന്ന ചർച്ചകളിൽനിന്നാണ് ഭരണഘടനയിൽ സംവരണം, ന്യൂനപക്ഷ പരിഗണനകൾ ഉൾച്ചേർത്തത്.

ഈ ചർച്ചയുടെ തുടക്കത്തിൽ തന്നെ റിപ്പോർട്ടിന്റെ ഉള്ളടക്കത്തിലൂടെ മുന്നോട്ടു വയ്ക്കുന്നത്, ന്യൂനപക്ഷ മതവിഭാഗങ്ങൾ പ്രസിഡൻസികളിലും രാജഭരണപ്രദേശങ്ങളിലും ഉണ്ടായിരുന്ന സംവരണം വിട്ടുകൊടുക്കുവാൻ തയാറാവണം എന്നാണ്. മുൻ ചർച്ചകളിൽ ന്യൂനപക്ഷ മതവിഭാഗ ങ്ങൾ രാജ്യത്തിന്റെ നന്മയെ കരുതി സംവരണം വിട്ടുനൽകാൻ തയാറായതിന് നന്ദിയും അറിയിക്കുന്നു. മതത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യർ വിഭജിക്കപ്പെടരുത്, അത് ഇന്ത്യയുടെ ആത്മാവിനെ സാരമായി ബാധിക്കും. മതത്തിന്റെ പേരിൽ ഇന്ത്യയെ കീറി മുറിച്ച അനുഭവങ്ങളും അവിടെ പരാമർശിക്കുന്നു. ആ ചർച്ചകളിൽ എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികൾ പങ്കെടുത്തു. ഹരിജൻ വിഭാഗത്തിന്റെ ആശങ്കകൾ എസ്. നാഗപ്പ ഗൗരവപൂർവം അവതരിപ്പിച്ചു. ഈ മണ്ണിന്റെ മക്കൾ എന്ന നിലയിൽ ഉള്ള പ്രസക്തിയും ജന്മം കൊണ്ട് ഹരിജൻ എന്ന് മുദ്രകുത്തി മാറ്റിനിർത്തപ്പെടുന്ന ഒരു ജനതയുടെ വികാരവും അവർക്ക് സംവരണം നൽകണം എന്ന ആവശ്യവും അദ്ദേഹം ആവർത്തിക്കുന്നുണ്ട്. പത്ത് വർഷത്തേക്ക് ഹരിജൻ വിഭാഗത്തിന് സംവരണം അനുവദിക്കുന്ന റിപ്പോർട്ടിനെ അദ്ദേഹം സ്വാഗതം ചെയ്യുന്നു. അഡ്വൈസറി കമ്മിറ്റിക്ക് നന്ദിയും അറിയിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കോൺസ്റ്റിറ്റ്യൂഷൻ അസംബ്ലി ചർച്ചകളുടെ 8-ാം വാല്യത്തിൽ ലഭ്യമാണ് (8.91.134 മുതൽ).

മുസ്ലിം പ്രതിനിധിയായ നസീറുദ്ദിൻ അഹ്മദ് ഈ ചർച്ചയിൽ പറയുന്നത് ഇങ്ങനെയാണ് - (8.91.152):

"സർ, മുസ്ലിം സീറ്റുകളുടെ സംവരണം മുസ്ലിമുകൾക്കുതന്നെ ഹാനികരമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. വാസ്തവത്തിൽ, നമ്മൾ സംവരണം അംഗീകരിച്ച് തെരഞ്ഞെടുപ്പിനു പോയാൽ, ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ ഇപ്പോൾ നിലനില്ക്കുന്ന ബന്ധം വഷളാകും. കൈവരിച്ച സ്ഥിതിയിലെ പുരോഗതി നഷ്ടപ്പെടും. സമീപ ഭൂതകാലത്തിലെ ഹിന്ദു മുസ്ലിം ബന്ധം ഓർമ്മിക്കപ്പെടുകയും വികാരങ്ങൾ കൈപ്പുനിറഞ്ഞതാകുകയും ചെയ്യും. മുസ്ലിം വീക്ഷണകോണിൽനിന്നു പരിഗണിച്ചാൽ പോലും ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകും - അത് തികച്ചും അഭികാമ്യമല്ല, ഇത് വീണ്ടും മുസ്ലീംകൾക്കിടയിൽ തന്നെ ഭിന്നത സൃഷ്ടിക്കും. സത്യത്തിൽ സീറ്റ് സംവരണം ചെയ്താൽ ഒരു സ്ഥാനാർത്ഥിയെ ഹിന്ദുക്കളും മറ്റൊരു സ്ഥാനാർത്ഥിയെ മുസ്ലിംകളും നിശ്ചയിച്ചേക്കാം. മുസ്ലിംകൾ ഭിന്നിക്കും. അവർ ഒരു സ്ഥാനാർത്ഥി

www.malankaralibrary.com

ക്കായി അല്ലെങ്കിൽ മറ്റൊരാൾക്കായി കൂട്ടുംകൂടും. അത് തെറ്റായ ഒരു വിഷയത്തിൽ മുസ്ലിംകൾക്കിടയിൽത്തന്നെ ഭിന്നിപ്പുണ്ടാക്കും. അതിനാൽ മുസ്ലിംകൾക്ക് സംവരണം അഭികാമ്യമല്ലെന്ന് ഞാൻ വാദിക്കുന്നു." മുസ്ലിംസമൂഹത്തിന് സംവരണം ആവശ്യമില്ല, സംവരണംകൊണ്ട് വിഭജനം ഉണ്ടാകും എന്ന ആശങ്ക കൃത്യമായി അദ്ദേഹം പങ്കുവയ്ക്കുന്നു.

മറ്റൊരു മുസ്ലിം പ്രതിനിധിയായ താജാമുൽ ഹുസൈൻ ഭരണഘടനാ അസംബ്ലിയിൽ പറഞ്ഞത് (8.92.50) ഇപ്രകാരമാണ്:

'മിസ്റ്റർ പ്രസിഡന്റ് സർ, ഏതെങ്കിലും സമുദായത്തിനോ ജനവിഭാഗത്തിനോ ഉള്ള ഏത് രൂപത്തിലുള്ള സീറ്റ് സംവരണവും തത്വത്തിൽ തീർത്തും തെറ്റാണ്. അതിനാൽ ആർക്കും സീറ്റ് സംവരണം പാടില്ലെന്ന ഉറച്ച അഭിപ്രായമുണ്ട്. ഒരു മുസ്ലിം എന്ന നിലയിൽ ഞാൻ മുസ്ലിംകൾക്ക് വേണ്ടി സംസാരിക്കുന്നു. മുസ്ലീം സമുദായത്തിന് സീറ്റ് സംവരണം പാടില്ല (ഹിയർ വിളികൾ). ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. ജനാധിപത്യരീതിയിൽ പാർലമെന്ററി സംവിധാനം ഉള്ള ഒരു പരിഷ്കൃത രാജ്യത്തും സീറ്റ് സംവരണമില്ല. ഇംഗ്ലണ്ടിന്റെ കാര്യമെടുക്കുക. പാർലമെന്റിന്റെ മാതാവ് ഹൗസ് ഓഫ് കോമൺസ് ആണ്. അവിടെ സംവരണമില്ല. സർവകലാശാലകളിൽ അവർക്ക് സീറ്റ് സംവരണം ഉണ്ടായിരുന്നു. പക്ഷേ അതുപോലും നിർത്തലാക്കപ്പെട്ടു. എന്താണ് സർ സംവരണം? സംവരണം എന്നത് ഒരു ഇളവല്ലാതെ മറ്റൊന്നുമല്ല. ദുർബലർക്കുള്ള ഒരു സംരക്ഷണമാണ്. ഞങ്ങൾ, മുസ്ലിംകൾ ഒരു ഇളവും ആഗ്രഹിക്കുന്നില്ല, സംരക്ഷണവും വേണ്ട. ഞങ്ങൾ ദുർബലരല്ല. ഈ ഇളവ് ഗുണത്തെക്കാൾ മുസ്ലിംകൾക്ക് ദോഷം ചെയ്യും. സംവരണം ഇഷ്ടമില്ലാത്ത വോട്ടർമാരിൽ സ്ഥാനാർത്ഥികളെ അടിച്ചേൽപ്പിക്കുന്നു. വോട്ടർമാർക്ക് നമ്മളെ വേണമെങ്കിലും ഇല്ലെങ്കിലും നമ്മൾ അവരുടെമേൽ അടിച്ചേൽപ്പിക്കും. ഇഷ്ടമില്ലാത്ത വോട്ടർമാരുടെ മേൽ അടിച്ചേൽപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

ഭൂരിപക്ഷസമുദായം സ്വാഭാവികമായും അവരുടെ അവകാശങ്ങൾക്കുമേൽ നാം കടന്നുകയറുകയാണെന്ന് ചിന്തിക്കും. അവർ അങ്ങനെ ചിന്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നാം കാര്യങ്ങൾ പഠിക്കണം, വെവ്വേറെ വോട്ടർമാർ ഇന്ത്യയ്ക്ക് ഒരു ശാപമാണ്. ബ്രിട്ടീഷുകാരാണ് ഇത് കണ്ടുപിടിച്ചത്. പ്രത്യേക ഇലക്ട്രേറ്റുകളുടെ സന്തതിയാണ് സംവരണം. പ്രത്യേക ഇലക്ട്രേറ്റുകളുടെ സ്ഥാനത്ത് സംവരണം കൊണ്ടുവരരുത്. വെവ്വേറെ വോട്ടർമാർ ഞങ്ങളുടെ പുരോഗതിയെ തടഞ്ഞു. പ്രത്യേക വോട്ടർമാർ എന്നന്നേക്കുമായി പോയി. സംവരണമോ പ്രത്യേക ഇലക്ട്രേറ്റുകളോ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. രാഷ്ട്രത്തിൽ ലയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സ്വന്തം കാലിൽ നിൽക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ആരുടെയും പിന്തുണ ഞങ്ങൾക്ക് വേണ്ട. ഞങ്ങൾ ദുർബലരല്ല. ഞങ്ങൾ ശക്തരാണ്. നമ്മളെല്ലാവരും ആദ്യം ഇന്ത്യക്കാരായിരുന്നു. നമ്മളെല്ലാം ഇന്ത്യക്കാരാണ്, ഇന്ത്യക്കാരായി തന്നെ തുടരും. ഇന്ത്യയുടെ അഭിമാനത്തിനും മഹത്വത്തിനു വേണ്ടി നമ്മൾ പോരാടും, അതിനായി മരിക്കും (കയ്യടി). നമ്മൾ ഒറ്റക്കെട്ടായി നിൽക്കും. ഇന്ത്യക്കാർക്കിടയിൽ ഭിന്നിപ്പുണ്ടാകില്ല. ഒറ്റക്കെട്ടായാൽ നാം നിലനിൽക്കും. വിഭജിക്കപ്പെട്ടാൽ വീഴും. അതുകൊണ്ട് ഞങ്ങൾക്ക് സംവരണം വേണ്ട. അതിന്റെ അർത്ഥം വിഭജനം എന്നാണ്.

ഞങ്ങൾ മുസ്ലിംകൾക്ക് സംവരണം വേണ്ട. പരിഷ്കൃതരാജ്യങ്ങളിലൊന്നും സംവരണമില്ല. ഞങ്ങൾ ആഗ്രഹിക്കുന്നത് സ്വന്തം കാലിൽ നിൽക്കാനാണ്. ഞങ്ങൾക്ക് ആരുടെയും പിന്തുണ ആവശ്യമില്ല. ഞങ്ങൾ ദുർബലരല്ല. ഞങ്ങൾ ശക്തരാണ്. നമ്മൾ എല്ലാവരും ഇന്ത്യക്കാർ എന്ന നിലയിൽ ഒരുമിച്ച് നിൽക്കണം. വേർതിരിവുകൾ പാടില്ലെന്ന് അദ്ദേഹം ഇവിടെ ഓർമിപ്പിക്കുന്നു.

ക്രിസ്ത്യൻ പ്രതിനിധിയായ ജെറോം ഡിസൂസ അസംബ്ലിയിൽ പറഞ്ഞത് (8.91.193) ഇങ്ങനെ:

"പിന്നാക്ക വിഭാഗങ്ങൾക്ക് എല്ലാതരത്തിലുള്ള പ്രത്യേക സംരക്ഷണങ്ങളും സംവരണവും സഹായവും നൽകണം. മതത്തിന്റെ അടിസ്ഥാനത്തിലല്ല, വ്യക്തിഗത യോഗ്യതയുടെ അടിസ്ഥാനത്തിൽ. സാമൂഹിക പശ്ചാത്തലവും വ്യക്തിഗത മുൻഗണനകളും കുറവുകളും ആവശ്യങ്ങളും കണക്കിലെടുത്തു കൊണ്ട് അവനെ സഹായിക്കേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. ഒരുമനുഷ്യനെ സഹായിക്കേണ്ടത് അവൻ ദരിദ്രനായതുകൊണ്ടാണ്. കാരണം, അവന്റെ ജനനവും വളർത്തലും സാമൂഹികമായും രാഷ്ട്രീയമായും വിദ്യാഭ്യാസപരമായും പുരോഗതികൈവരിക്കാനുള്ള അവസരം നൽകാത്തതിനാൽ, അത് ചെയ്യണം. അവൻ ക്രിസ്ത്യാനിയോ, മുസ്ലിമോ, ഹിന്ദുവോ, ബ്രാഹ്മണനോ, ബ്രാഹ്മണനല്ലാത്തതോ, പട്ടികജാതിക്കാരനോ ആയാലും പ്രശ്നമില്ല. അവന്റെ വ്യക്തിഗത ആവശ്യങ്ങളിൽ എല്ലാ പിന്നാ ക്ക വിഭാഗങ്ങളോടും പിതൃത്വമനോഭാവമുള്ള ഒരു യഥാർത്ഥ ജനാധിപത്യ സർക്കാർ അവനെ സഹായിക്കാൻ വരും. അല്ലാതെ വർഗീയമോ മതപരമോ ആയ വർഗീകരണത്തിന്റെ അടിസ്ഥാനത്തിലല്ല. ഈ രീതിയിൽ നവഇന്ത്യയുടെ ജനാധിപത്യം അത് പരിണമിക്കേണ്ട വിധത്തിൽ വികസിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇതിലൂടെ ജനാധിപത്യത്തിന്റെ തത്വങ്ങൾ പ്രയോഗിക്കുന്നതിൽ അത്ര വിജയിച്ചിട്ടില്ലാത്ത മറ്റുള്ളവർക്കും ലോകമെമ്പാടുമുള്ള സാമൂഹികവും അന്തർദേശീയവുമായ സമാധാനത്തിന് പ്രയോജനകരമാകും."

സംവരണം മതാടിസ്ഥാനത്തിൽ നൽകരുത്. അത് വ്യക്തിഗത യോഗ്യതയുടെ അടിസ്ഥാനത്തിൽ ആയിരിക്കണം എന്ന് ഈ ജെസ്യൂട്ട് വൈദികൻ അസംബ്ലിയിൽ ഓർമിപ്പിക്കുന്നു.

ഇതിനെ അനുകൂലിച്ചുകൊണ്ടുള്ള മറ്റ് ചില അംഗങ്ങളുടെ പ്രതികരണങ്ങൾ:

www.malankaralibrary.com

**ഷിബ്ബൻ ലാൽ സക്സേന (8.92.13)**

"ഒന്നോ രണ്ടോ സന്ദർഭങ്ങളിലൊഴികെ സീറ്റ് സംവരണം നിർത്തലാക്കി, തന്റെ തൊപ്പിയിൽ മറ്റൊരു തൂവൽ ചേർത്ത ബഹുമാനപ്പെട്ട സർദാർ പട്ടേലിനെ ഈ മഹത്തായ അവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിന്റെ ഗതി മാറ്റും. സർ, ന്യൂനപക്ഷങ്ങൾ ഈ നിർദ്ദേശത്തോട് യോജിച്ച് അവർക്ക് സീറ്റ് സംവരണം ആവശ്യമില്ലെന്ന് പറഞ്ഞു. പത്ത് വർഷത്തിനുള്ളിൽ ഹരിജനങ്ങൾപോലും അവസരത്തിനൊത്ത് ഉയർന്ന് ഈ സംവരണാവകാശം ഉപേക്ഷിക്കുന്ന അവസ്ഥയിൽ എത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അപ്പോൾ എല്ലാവർക്കും ശരിയായത് ലഭിക്കും. ജാതിയുടെയോ മതത്തിന്റെയോ വ്യത്യാസമില്ലാതെയുള്ള പ്രാതിനിധ്യം. ആ സമയത്ത് സേവനവും യോഗ്യതയും കഴിവും മാത്രം വോട്ട് നേടും. നമ്മുടെ മുൻകാല അടിമത്തത്തിന്റെ എല്ലാ അവശിഷ്ടങ്ങളും ആഴത്തിൽ കുഴിച്ചുമൂടപ്പെടും എന്ന് അദ്ദേഹം പറയുന്നു."

**ശ്രീ മഹാവീർ ത്യാഗി (8.92.95)**

"എനിക്കു പറയാനുള്ളത് ഇത്രമാത്രം. ഒരു വാക്കുമാത്രം. സംവരണം പിൻവലിക്കാൻ തയ്യാറായി മുന്നോട്ടുവന്ന എന്റെ ബഹുമാന്യരായ സുഹൃത്തുക്കളെയും സിഖ് പ്രതിനിധികളെയും മുസ്ലീം പ്രതിനിധികളെയും ക്രിസ്ത്യൻ പ്രതിനിധികളെയും അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യം അങ്ങനെ ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അവർ നൽകിയ മഹത്തായ, ചരിത്രപരമായ സംഭാവനയെ അഭിനന്ദിക്കുന്നു. ദേശസ്നേഹത്തിന്റെ സ്വാധീനത്തിൽ മുന്നോട്ട് വന്ന ന്യൂനപക്ഷങ്ങളോട് രാജ്യം നന്ദിയുള്ളവരായിരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. അവരുടെ സംവരണം ഉപേക്ഷിക്കുക." സിഖ്, മുസ്ലിം, ക്രിസ്ത്യൻ പ്രതിനിധികൾ സംവരണം പിൻവലിക്കുന്നത് അംഗീകരിക്കാൻ തയ്യാറായ ചരിത്രപരമായ നിലപാടിനെ രാജ്യം അഭിനന്ദിക്കുമെന്ന പ്രതീക്ഷ അദ്ദേഹം പങ്കുവയ്ക്കുന്നു.

ഭരണഘടനാ അസംബ്ലിയിൽ നടന്ന ചർച്ചയുടെ അവസാനം 26 മേയ് 1949 ൽ (Ref: 8.92.109) ചില ന്യൂനപക്ഷ ആശങ്കകൾ മുമ്പു പങ്കുവച്ച ചുരുക്കം ചില മുസ്ലിം പ്രതിനിധികളോടായി സർദാർ വല്ലഭ്ഭായി പട്ടേൽ ചോദിച്ചതിതാണ്; ഇന്ന് മുസ്ലിംകൾ വളരെ ശക്തരും സുസംഘടിതരുമായ ഒരു ന്യൂനപക്ഷമാ ണ്. രാജ്യം വിഭജിക്കാൻ തക്ക ശക്തിയുള്ള ഒരു ന്യൂനപക്ഷം ന്യൂനപക്ഷമല്ല. എന്തുകൊണ്ടാണ് നിങ്ങൾ ന്യൂനപക്ഷമാണെന്നു കരുതുന്നത്? നിങ്ങൾ ശക്തവും സുസംഘടിതവുമായ ഒരു ന്യൂനപക്ഷമാണെങ്കിൽ, നിങ്ങൾ എന്തിനാണ് സുരക്ഷാസംവിധാനങ്ങൾ അവകാശപ്പെടാൻ ആഗ്രഹിക്കുന്നത്? എന്തുകൊണ്ടാണ് നിങ്ങൾ പ്രത്യേകാവകാശങ്ങൾ ആഗ്രഹിക്കുന്നത്?

ഓരോ കേരളീയനും മനസ്സിലാക്കണം നമ്മൾ ഇന്ന് ചർച്ചചെയ്യുന്ന സംവരണ പ്രശ്നങ്ങൾ അന്ന് അവർ ചർച്ചചെയ്യുകയും പരിഹാരമുണ്ടാക്കുകയും ചെയ്തതാണ്. മതാടിസ്ഥാനത്തിൽ സംവരണം ഭരണഘടനാപരമായി നിലനിൽക്കുന്നതല്ല. എല്ലാ ന്യൂനപക്ഷ മതവിഭാഗങ്ങളും അവരുടെ സംവരണം വിട്ടുകൊടുക്കുകയും പത്ത് വർഷത്തേക്ക് ഹിന്ദു ഐഡന്റിറ്റി പുലർത്തുന്ന ഹരിജൻ വിഭാഗങ്ങൾക്കു സംവരണം അനുവദിക്കുകയും ന്യൂനപക്ഷവിഭാഗങ്ങൾക്കു ന്യൂനപക്ഷ അവകാശങ്ങൾ വിഭാവന ചെയ്യുകയും ചെയ്ത ഒരു ഭരണഘടനയാണ് 1950 ൽ ഇറങ്ങിയ നമ്മുടെ ഇന്ത്യൻ ഭരണഘടന.

കാലം മുന്നോട്ടുപോയി. പല പിന്നാക്ക വിഭാഗ പഠനങ്ങളും നടന്നു. 1959 ലും 1980ലും ഒക്കെ ചില റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു. സർക്കാർ കാര്യമായി നടപ്പിലാക്കിയില്ല. 1993 ലാണ് 1980 ലെ മണ്ഡൽ കമ്മീഷൻ പരിഗണനകൾ ചില കൂട്ടിച്ചേർക്കലുകളോടെ നടപ്പിലാക്കുന്നത്. അങ്ങനെ രാജ്യത്ത് ഒബിസി സംവരണം നിലവിൽവന്നു.

**മാപ്പിള വിഷയം**

1993 ൽ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച കേരളത്തിന്റെ ഒബിസി പട്ടികയിൽ മാപ്പിള എന്ന വിഭാഗം 39-ാമതായി കിടക്കുന്നുണ്ട്. ആരാണ് മാപ്പിള? സെമിറ്റിക് മതവിഭാഗങ്ങളിൽ പെട്ടവരെയാണ് മാപ്പിളമാർ എന്നു വിളിച്ചിരുന്നത്, 'നസ്രാണിമാപ്പിള, ജൂതമാപ്പിള, ജോനകമാപ്പിള (മുസ്ലിം മാപ്പിള)' എന്നിങ്ങനെയായിരുന്നു. ഭരണഘടനപ്രകാരം മതാടിസ്ഥാനത്തിൽ സംവരണം പാടില്ല എന്ന വ്യവസ്ഥയോടുചേർന്ന് സവർണ-അവർണ ഗണത്തിൽപ്പെടാത്ത പരമ്പരാഗത ഐഡന്റിറ്റിയുള്ള ഈ വിഭാഗങ്ങളെയാണു പരിഗണിച്ചിരിക്കുന്നതായി കാണാൻ സാധിക്കുന്നത്. 1996 ൽ കേരളത്തിന്റെ ഒബിസി ലിസ്റ്റിൽ 'മാപ്പിള' യിൽ ഒരു ഭേദഗതി വരുന്നുണ്ട്. 39 (A) ആയി മുസ്ലീംകളിലെ അഞ്ച് വിഭാഗങ്ങളെ മാപ്പിളവിഭാഗ സംവരണത്തിൽനിന്നു പുറത്താക്കുന്നു. അവർ ഇവരാണ്: 1) ബോറ, 2) കച്ചി മേമൻ, 3) നവയാത്ത്, 4) തുറുക്കൻ, 5) ഛാനി മുസ്ലിം വിഭാഗങ്ങൾ.

ഇതിൽ ഈ അടുത്തകാലത്തായി ചില സംഘടിത മാറ്റങ്ങൾ സംഭവിക്കുന്നു. നിലവിലെ കേരള PSC Website ൽ ലഭ്യമായ ഒബിസി പട്ടികയിൽ 43-ാമതായി 'മാപ്പിള അല്ലെങ്കിൽ (Mappila or Muslim) മുസ്ലിം' എന്ന് മാറ്റപ്പെട്ടിരിക്കുന്നു. അടുത്ത നാളുകളിലെ കേരളത്തിന്റെ ചില ഓൺലൈൻ അപേക്ഷകളിലും യൂണിവേഴ്സിറ്റികളുടെ പുതുക്കിയ പ്രോസ്പെക്ടസുകളിലും ഒബിസി/ എസ്ഇബിസി പട്ടികയിൽ മാപ്പിള എന്നു കാണാനില്ല. പകരമായി മുസ്ലിം (Muslim - all sections following Islam) എന്ന നിലയിൽ ഇസ്ലാമായ എല്ലാവർക്കും സംവരണം എന്ന രീതിയിൽ ഇന്ത്യൻ ഭരണഘടനയുടെ ആത്മാവിനെ മുറിപ്പെടുത്തുന്ന വിധത്തിൽ കടുത്ത ഭരണഘടനാ ലംഘനമാണ് കേരളത്തിൽ മാത്രമായി നടന്നുകൊണ്ടിരിക്കുന്നത്. എന്നിട്ടാണ് മുസ്ലിം ലീഗ് നേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി പറയുന്നത് ഇ.ഡബ്ല്യൂ.എസ്.സംവരണം

www.malankaralibrary.com

എതിർക്കണമെന്ന്. എല്ലാ സംസ്ഥാനങ്ങളിലും എല്ലാ ന്യൂനപക്ഷങ്ങൾക്കുമായി ന്യൂനപക്ഷ ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ ഈ നാട്ടിൽ നികുതി അടയ്ക്കുന്ന ന്യൂനപക്ഷവിഭാഗമായ 64 ലക്ഷം ക്രിസ്ത്യാനികളുടെ മുൻപിൽ കേരളത്തിൽ ന്യൂനപക്ഷ ആനുകൂല്യങ്ങൾ 100% മുസ്ലിം സമുദായത്തിനാണ് എന്നാണ്, സംസ്ഥാന ന്യൂനപക്ഷ വകുപ്പ് എല്ലാ പദ്ധതികളിലും സ്വീകരിച്ചുവന്നിരുന്ന 80:20 (മുസ്ലിം: മറ്റ് മതന്യൂനപക്ഷങ്ങൾ) എന്ന അനുപാതം ഭരണഘടനയുടെ കടുത്ത ലംഘനമെന്ന് ഹൈക്കോടതി വിധി എഴുതിയ ദിവസം അദ്ദേഹം മാധ്യമങ്ങൾക്കു മുൻപിൽ പറഞ്ഞത്.

**ദുർബലരായ ക്രിസ്ത്യാനികൾ**

കഴിഞ്ഞ കാലം വരെ കേരളത്തിനു ലോകത്തിന്റെ മുൻപിൽ അഭിമാനത്തോടെ പറയാൻ സാധിച്ചിരുന്ന വിദ്യാഭ്യാസ, സാമൂഹിക നിലവാരമൂല്യങ്ങൾ ഇവിടെയുള്ള ക്രിസ്ത്യൻ സമൂഹത്തിന്റെ ശ്രമഫലത്താൽ ഉണ്ടായതാണെന്ന് എല്ലാവരും അംഗീകരിക്കും. ആർക്കും ഒരു ദ്രോഹവും ചെയ്യാത്ത, ഈ നാടിന്റെ വളർച്ചയിൽ മുഖ്യപങ്കു വഹിച്ച ഈ സമുദായം 25% ജനനനിരക്കിൽനിന്നും 13% ജനനനിരക്കിലേക്ക് താഴ്ന്നിരിക്കുകയാണ്. കേരളത്തിലെ സാമ്പത്തികവും സാമൂഹികവുമായി ഏറ്റവും പിന്നാക്ക വിഭാഗമായി ഇവിടെയുള്ള ക്രിസ്ത്യാനികൾ മാറിക്കഴിഞ്ഞിരിക്കുന്നു. ഈ നാടിന്റെ വളർച്ചയ്ക്ക് ഇത്രയേറെ കഷ്ടപ്പെട്ട ഈ സമുദായത്തെ അറിഞ്ഞുകൊണ്ട് തളർത്താനും തകർക്കാനും രാഷ്ട്രീയ, സാമുദായിക, കലാ-മാധ്യമ അജണ്ടകൾ അതിവിദഗ്ധമായി അരങ്ങേറിയിട്ടും, ഭയന്നിട്ട് വിളിച്ചു പറയാൻപോലും കഴിയാത്ത അവസ്ഥയിലേക്ക് ഈ സമൂഹം എത്തിച്ചേർന്നിരിക്കുകയാണ്. ഇനി മതസംവരണം ഭരണഘടനാവിരുദ്ധമല്ലായെന്ന് അഭിനവ പണ്ഡിതന്മാർ വാദിക്കുന്നപക്ഷം കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെ ഉടൻതന്നെ ഒബിസി പട്ടികയിൽ കൃത്യമായും വ്യക്തമായും ഉൾപ്പെടുത്താൻ നിങ്ങൾ വാദിക്കേണ്ടതാണ്.

അതിനുള്ള ചില കാരണങ്ങൾ നിരത്താം. കേരളത്തിൽ പ്രമുഖ രാജവംശവും സൈനിക, രാജപദവികളും ഉണ്ടായിരുന്ന സമുഹമാണ് മുസ്ലിംസമൂഹം. സച്ചാർ റിപ്പോർട്ടിന്റെ പത്താം അധ്യായം മൂന്നാം ഉപശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് കേരളത്തിൽ സംവരണം കിട്ടുന്ന മുസ്ലിംകൾ മാപ്പിളവിഭാഗത്തിലുള്ളവരാണെന്നും ആ മാപ്പിളവിഭാഗത്തിൽ അഞ്ച് ഉപവിഭാഗങ്ങൾ ഉണ്ടെന്നും ഇതിൽ 'തങ്ങൾ, അറബിസ്, മലബാറിസ്' എന്നിവർ മുന്നാക്കക്കാർ ആണെന്നും പുസലാർ, ഒസാൻ വിഭാഗങ്ങൾ മാത്രമാണ് പിന്നാക്കക്കാർ എന്നുമാണ്. അതിങ്ങനെയാണ്:

"കേരളത്തിൽ, മലബാറിലെ മാപ്പിളകളെ തങ്ങൾ, അറബികൾ, മലബാരികൾ, പുസലാർ, ഒസാൻ എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പ്രവാചകന്റെ പുത്രി ഫാത്തിമയിൽനിന്നാണെന്നതിനാൽ തങ്ങൾ വംശപരമ്പരയിലുള്ളവർ മുന്നാക്കരാണ്. അറബ് വംശപരമ്പര അവകാശപ്പെടുന്ന അറബ് പുരുഷന്മാരും സ്ത്രീകളുമാണ് അടുത്ത റാങ്കിലുള്ളത്. മലബാറികളാണ് തൊട്ട് പിന്നിലുള്ളത്. അവർക്ക് അറബ് വംശപരമ്പര നഷ്ടപ്പെട്ടു. അവർ മാതൃവംശപരമ്പര പിന്തുടരുന്നു. മുക്കുവൻ എന്ന് വിളിക്കപ്പെടുന്ന ഹിന്ദു മത്സ്യത്തൊഴിലാളികളിൽനിന്നു മതംമാറിയ പുതുമുസ്ലിംകളാണ് പുസലാർ. അവർക്ക് താഴ്ന്ന പദവിയാണ്. ക്ഷുരകർത്താക്കളായ ഒസാന്മാരാണ് അവരുടെ തൊഴിലിന്റെ അടിസ്ഥാനത്തിൽ ഏറ്റവും താഴ്ന്ന റാങ്കിൽ."

അപ്പോൾ നിലവിൽ എങ്ങനെ 'തങ്ങൾ, അറബിസ്, മലബാറിസ്' കേരളത്തിൽ സംവരണം നേടുന്നു? കേരളത്തിൽ ശക്തമായ രാഷ്ട്രീയ, സംഘടനാ, സാമ്പത്തിക, ജനസംഖ്യാ വളർച്ചയുള്ള മുസ്ലിം സമുദായത്തിന് ഇന്ന് ഒബിസി സംവരണം ലഭിക്കുന്നുണ്ടെങ്കിൽ ദുർബലരായ കേരളത്തിലെ ക്രിസ്ത്യാനികൾ എല്ലാം ഒബിസി പട്ടികയിൽ ഉൾപ്പെടേണ്ടവരല്ലേ? ഇക്കാര്യത്തിൽ നിഷേധാത്മക നിലപാട് എങ്ങനെയാണ് എടുക്കാൻ കഴിയുന്നത്? കേരളചരിത്രത്തിൽ ആദ്യമായി ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിച്ച സർക്കാർ കമ്മീഷനായ ന്യൂനപക്ഷ കമ്മീഷൻ 2019 ൽ സിറ്റിംഗ് നടത്തി തയാറാക്കിയ റിപ്പോർട്ട് എന്തുകൊണ്ട് ചെയർമാൻ സർക്കാരിന് സമർപ്പിച്ചില്ല? കേരള സംസ്ഥാന ന്യൂനപക്ഷ വകുപ്പിലും കമ്മീഷനിലും ക്രിസ്ത്യൻപങ്കാളിത്തം ഇല്ലാതാക്കാൻ നടത്തിയ ശ്രമങ്ങൾ എന്തുകൊണ്ട് ചോദ്യം ചെയ്യപ്പെടുന്നില്ല?

15-ാം കേരള നിയമസഭ രണ്ടാം സമ്മേളനത്തിൽ നക്ഷത്രചിഹ്നമിട്ട 122(E) ചോദ്യത്തിന് കേരള മുഖ്യമന്ത്രി 17,77,32,412 രൂപ (പതിനേഴേമുക്കാൽ കോടി രൂപ) മദ്രസ അധ്യാപക ക്ഷേമനിധിക്ക് കൊടുത്തിട്ടുണ്ട് എന്ന മറുപടി നൽകി. പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം എന്ന ന്യൂനപക്ഷ പദ്ധതി ഉപയോഗിച്ച് കൊല്ലം ജില്ലയിൽതന്നെ നാലു മദ്രസകൾക്ക് ഒന്നിന് ഏകദേശം രണ്ടുകോടി രൂപ എന്ന നിലയിൽ ചെലവഴിക്കാൻ തയാറാക്കുന്നു. ഇങ്ങനെ ന്യൂനപക്ഷ പരിഗണന വഴി മുസ്ലിം ന്യൂനപക്ഷത്തിന്റെ മതപഠനം പ്രോത്സാഹിപ്പിക്കുമ്പോൾ എന്തുകൊണ്ട് ക്രിസ്ത്യൻ ന്യൂനപക്ഷത്തിന് ഇങ്ങനെ ഒന്നുംതന്നെ നൽകുന്നില്ല? 80:20 (മുസ്ലീം: മറ്റ് മതന്യൂനപക്ഷങ്ങൾ) എന്ന ന്യൂനപക്ഷ വകുപ്പ് സ്വീകരിച്ച അനുപാതം ഭരണഘടനയുടെ കടുത്ത ലംഘനം എന്ന് ഹൈക്കോടതി വിധിയെഴുതി. കേരളത്തിലെ 64 ലക്ഷം ജനങ്ങൾക്ക് നീതി ലഭിച്ചതിനെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീം കോടതിയിൽ വിധിക്കെതിരേ അപ്പീൽ പോകാൻ കേരള സർക്കാരിനെ സംഘടിതമായി സ്വാധീനിച്ചവരെക്കാളും എന്ത് പിന്നാക്കാവസ്ഥ കുറവാണ് കേരളത്തിലെ ക്രിസ്ത്യൻ സമുഹത്തിനുള്ളത്? അതിജീവനത്തിന്റെ ചക്രശ്വാസംവലിക്കുന്ന കേരളത്തിലെ ക്രിസ്ത്യൻ സമൂഹത്തെ പൊതുസ മൂഹമേ, സർക്കാരേ, തൃണവത്കരിക്കരുത്, തമസ്കരിക്കരുത്, കൂടെയുണ്ടാവണം, അപേക്ഷയാണ്.

(കടപ്പാട് - *ദീപിക*)